**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6060** **17-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതികൾക്കായുള്ള കടമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന പുതിയ പദ്ധതികൾ ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നിലവിൽ 80,352.04 കോടിയിൽപരം രൂപയുടെ 1057 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാരിൽ നിന്നും നിയമപ്രകാരം ലഭിക്കുന്ന ആന്വിറ്റി വിഹിതത്തിനു (വാഹന നികുതിയുടെ വിഹിതവും പെട്രോളിയം സെസ്സും) പുറമെ ധനവിപണിയിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തിയാണ് കിഫ്ബി പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഉചിതമായ രീതിയിൽ വിവേകപൂർവ്വമായി ധനസമാഹരണം നടത്തുന്നതിനു കിഫ്ബിയെ സഹായിക്കുന്നത് അതിന്റെ അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് (ALM) സംവിധനമാണ്. ഈ സംവിധാനത്തിന്റെ കണക്കുകൂട്ടൽ അനുസരിച്ച് കിഫ്ബി അതിനു നിലവിൽ ലഭിച്ചു വരുന്ന ആന്വിറ്റി കൊണ്ട് തിരിച്ചടക്കാവുന്ന തുകയ്ക്കുള്ള പദ്ധതികൾക്കാണ് നിലവിൽ അംഗീകാരം നൽകിയിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തിന് അത്യന്തം പ്രാധാന്യമുള്ള പദ്ധതികൾ മാത്രം ഇനി കിഫ്ബിയിലേക്ക് നിർദ്ദേശിച്ചാൽ മതിയാകുമെന്നും കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റീ & അഡ്വൈസറി കമ്മീഷൻ (FTAC) സർക്കാരിനു മുന്നേതന്നെ നിർദ്ദേശമായി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതിയുടെ പ്രാധാന്യവും മറ്റ് ഘടകങ്ങളും വിലയിരുത്തി സസൂക്ഷ്മം തെരഞ്ഞെടുക്കുന്ന പദ്ധതികൾ മാത്രം കിഫ്ബിയിലേക്ക് നിർദ്ദേശിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (ബി) | 2023-24 വർഷത്തെ പദ്ധതി നിർവഹണത്തിനായി ഒൻപതിനായിരം കോടി രൂപ വായ്പയെടുക്കാൻ കിഫ്ബിയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ; | (ബി) | 2023-24 വർഷത്തെ പദ്ധതി നിർവഹണത്തിനായി പതിനായിരം കോടി രൂപ വരെ വായ്പയെടുക്കാനാണ് കിഫ് ബോർഡ് തീരുമാനിച്ചിരിക്കുന്നത്. |
| (സി) | പ്രസ്തുത കടമെടുപ്പ് സർക്കാരിന്റെ കടമെടുപ്പ് | (സി) | കിഫ്ബിയുടെ കടമെടുപ്പ് സംസ്ഥാന സർക്കാരിന്റെ |

| | | | |
|---|---|---|---|
| | പരിധിക്കുള്ളിൽ നിന്നാണോ എന്ന് വ്യക്തമാക്കുമോ; | | കടമെടുപ്പ് പരിധിക്കുള്ളിൽ അല്ലെങ്കിലും കേന്ദ്ര സർക്കാർ അത്തരത്തിലാണ് കിഫ്ബിയുടെ പ്രസ്തുത വായ്പകളെ കാണുന്നത്. |
| (ഡി) | കിഫ്ബി വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പകളുടെ തിരിച്ചടവ് മുടങ്ങാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ഡി) | നിലവിൽ കിഫ്ബി സമാഹരിച്ചിരിക്കുന്ന വായ്പകളുടെ തിരിച്ചടവിനു സർക്കാരിൽ നിന്നും ആന്വിറ്റിയായി ലഭിച്ചുവരുന്ന തുക പര്യാപ്തമാണ്. തുടർന്നുള്ള കാലങ്ങളിലും സർക്കാരിൽ നിന്നുമുള്ള സഹായങ്ങൾ കൃത്യമായി ഉറപ്പുവരുത്തി കിഫ്ബിയുടെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തും. |

സെക്ഷൻ ഓഫീസർ